I/817186/2024

**ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(ഹാജർ: വിജയ് രാജ് ജെ.)**

വിഷയം : **തൊഴിൽ വകുപ്പ് – ജീവനക്കാര്യം – ടൈപ്പിസ്റ്റ് തസ്തികയിലെ 2023 ലെ പൊതുസ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.**

വായന :
1. ഈ കാര്യാലയത്തിൽ നിന്നുള്ള 19.01.2024-ലെ ഇതേ നമ്പർ ഉത്തരവ്.
2. ഒ.എ. 144/2024 നമ്പർ ഹർജിയിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിപ്പിച്ച 22.01.2024-ലെ ഉത്തരവ്.

**ഉത്തരവ് നം. LCO/3550/2023-E(7)   തീയതി: 16-05-2024; തിരുവനന്തപുരം.**

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനായി 25.02.2017-ലെ സ.ഉ(പി)നം. 3/2017/ഉഭപവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, തൊഴിൽ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരുടെ SPARK മുഖേനയുള്ള ഓൺലൈൻ സ്ഥലംമാറ്റത്തിനായി 2023 ഏപ്രിൽ മാസത്തിൽ അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ, കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷത്തിന് സംവരണം ചെയ്ത കന്നഡ ടൈപ്പിസ്റ്റിന്റെ ഒഴിവ് SPARK ജനറേറ്റ് ചെയ്ത ഉത്തരവിൽ ജനറൽ കാറ്റഗറി എന്ന് തെറ്റായി രേഖപ്പെടുത്തിയ സാങ്കേതിക തകരാർ പരിഹരിച്ച ശേഷം 19.01.2024 ൽ മാത്രമാണ് ടൈപ്പിസ്റ്റ് തസ്തികയിലെ പൊതുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞത്. വായന (1) ഉത്തരവ് പ്രകാരം സ്ഥലംമാറ്റപ്പെട്ട 6 ജീവനക്കാർ ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA/144/2024 നമ്പർ ഹർജിയിലെ വായന (2) പ്രകാരമുള്ള ഉത്തരവിലൂടെ സ്ഥലംമാറ്റ ഉത്തരവ് നടപ്പാക്കുന്നത് 31.03.2024 വരെ സ്റ്റേ ചെയ്തിരുന്നു. പ്രസ്തുത ഹർജിയിന്മേൽ ബഹു. ട്രിബ്യൂണലിൽ നിന്നും അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല. 16.03.2024 മുതൽ 2024 ലോക് സഭാ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാതൃകാ പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരികയുണ്ടായി. മേൽ കാരണങ്ങളാൽ, ടി സ്ഥലംമാറ്റ ഉത്തരവ് ഇതുവരെയും നടപ്പിലായിട്ടില്ല.

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, തൊഴിൽ വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിൽ ഉൾപ്പെടെ 2024-ലെ SPARK മുഖേനയുള്ള ഓൺലൈൻ സ്ഥലംമാറ്റത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വായന (1) ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാർക്കും 2024-ലെ SPARK മുഖേനയുള്ള ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ അവസരം ലഭിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, ഇതുമായി ബന്ധപ്പെട്ട സാങ്കേതികപ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി, വായന (1) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. വായന (1) ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാർക്കും 2024-ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

VIJAIRAJ J
SENIOR ADMINISTRATIVE OFFICER

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും.
(വെബ്സൈറ്റ് മുഖേന)

പകർപ്പ്.

- ലേബർ കമ്മീഷണറുടെ പി.എ.
- അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
- ജൂനിയർ സൂപ്രണ്ട് (ഇ).
- ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾക്ക് (വെബ്സൈറ്റ് മുഖാന്തിരം).
- ഫെയർ കോപ്പി സൂപ്രണ്ട്.
- ഫയൽ/സ്റ്റോക്ക് ഫയൽ.